DESPATCHED
On 05/03/2020

14.2.20.



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **CP.557** ***(2)/2018***/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.5820/എസ്.ഐ.സി-ജി 6/18

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. എൻ.കെ.ബാബുചന്ദ്രൻ**
**അശ്വതി,ഇടമൺനില, മരുതിക്കുന്ന്.പി.ഒ**
**നാവായിക്കുളം-695 603** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**ഡയറക്ടറേറ്റ് ഓഫ് വി.എച്ച്.എസ്.ഇ**
**ശാന്തിനഗർ പി.ഒ, തിരുവനന്തപുരം** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.04.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04.06.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 08.06.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.08.2019,26.09.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20.08.2019,19.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 10.10.2019 – കമ്മീഷൻ ആഫീസ്, **തിരുവനന്തപുരം** |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷിക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ 05.04.2018 ൽ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ, കരവാരം വി.എച്ച്.എസ്.ഇയിലെ എൻ.എസ്.എസ് മായി ബന്ധപ്പെട്ട വിവരങ്ങളിൽ ഉപഇനം 1ൽ 2016–18 വർഷം പഠിച്ചിരുന്ന 15 കുട്ടികൾ ചേർന്ന് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എസ്.ഹരിഹരപിള്ളക്കെതിരെ വി.എച്ച്.എസ്.ഇ ഡയറക്ടർക്ക് നൽകിയ പരാതിയുടെ അറ്റസ്റ്റഡ് ഫോട്ടോ കോപ്പി നൽകണമെന്നും, ഉപഇനം 2ൽ 2015 –2017 വർഷം കരവാരം വി.എച്ച്.എസ്.ഇ യിൽ പഠിച്ചിരുന്ന ലിനു.എസ് എന്ന കുട്ടി 31.07.2017 ൽ ഹരിഹരൻപിള്ളയ്ക്കെതിരെ നൽകിയ പരാതിയുടെ അറ്റസ്റ്റഡ് ഫോട്ടോ കോപ്പി നൽകണമെന്നും തുടങ്ങി 9 ഉപഇനങ്ങളിലും 2 ഇനങ്ങളിലുമായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. ആയതിന് എതിർകക്ഷി മറുപടി നൽകിയില്ല.
3. 08.08.2019 ന് കമ്മീഷനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20.08.2019 ന് നാഷണൽ സർവ്വീസ് സ്കീമിൽ നിന്നും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ പകർപ്പ് അപേക്ഷകന് നൽകുകയും ചെയ്തു. 27.08.2019 ന് കമ്മീഷനിൽ നിന്നും, 07.09.2019 ന് ഹിയറിംഗിന് നോട്ടീസ് നൽകുകയും, ഹിയറിംഗിൽ എൻ.എസ്.എസ്. വിഭാഗത്തിൽനിന്നുമാണ് മറുപടി നൽകിയെന്ന് വീക്ഷിച്ച കമ്മീഷൻ വി.എച്ച്.എസ്.സി യിലെ എസ്.പി.ഐ.ഒ യാണ് മറുപടി നൽകേണ്ടതെന്ന് നിർദ്ദേശിച്ച് ഹിയറിംഗ് മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി നൽകി.
4. 26.09.2019 ന് കമ്മീഷനിൽ നിന്നും 10.10.2019 ന് കമ്മീഷൻ മുമ്പാകെ ഹിയറിംഗിന് ഹാജരായി റിപ്പോർട്ട് സമർപ്പിക്കാൻ എതിർകക്ഷിക്ക് കത്ത് നൽകുകയും, സമർപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിലെ ചോദ്യങ്ങൾ ടി ഓഫീസിലെ എൻ.എസ്.എസ് വിഭാഗവുമായി ബന്ധപ്പെട്ടതായതിനാൽ ടി വിഭാഗത്തിലേയ്ക്ക് നൽകിയെന്നതിനാൽ എസ്.പി.ഐ.ഒയ്ക്ക് ലഭിച്ചില്ലെന്നും, എൻ.എസ്.എസ്. വിഭാഗത്തിൽ നിന്നും 20.08.2019 ൽ നിന്നും മറുപടിയും ആവശ്യപ്പെട്ട പകർപ്പുകളും നൽകിയെന്നും, എന്നാൽ എസ്.പി.ഐ.ഒ യാണ് ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതെന്നുള്ള കമ്മീഷന്റെ നിർദ്ദേശാനുസരണം ടി വിഷയം വി.എച്ച്.എസ്.സി. കരിക്കുലം വിഭാഗത്തിന് കൈമാറുകയും 30.09.2019ലെ കത്ത് പ്രകാരം മറുപടി നൽകിയെന്നുമാണ്. മറുപടികളെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി എസ്.പി.ഐ.ഒ യോട് സമർപ്പിക്കാൻ കമ്മീഷൻ നിർദ്ദേശിക്കുകയും ആയതിന്റെ പകർപ്പ് അപേക്ഷകന് നൽകാൻ നിർദ്ദേശിക്കുകയും, 16.10.2019 ന് ആയത് സമർപ്പിക്കുകയും ചെയ്തു.
5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും 05.04.2018 ന് ഹർജിക്കാരൻ നൽകിയ കത്തിന് കമ്മീഷനിൽ നിന്നും റിപ്പോർട്ട്

ആവശ്യപ്പെടുന്നതുവരെ മറുപടി നൽകിയില്ലെന്നും, അപേക്ഷ സമർപ്പിച്ച ഓഫീസിലെ എസ്.പി.ഐ.ഒ അല്ല മറുപടി നൽകിയതെന്നും കമ്മീഷന്റെ നിർദ്ദേശാനുസരണം മാത്രമാണ് ടി എസ്.പി.ഐ.ഒ മറുപടി നൽകിയതെന്നു വീക്ഷിക്കുകയും ചെയ്ത കമ്മീഷൻ ടി നടപടികൾ ഗൗരവമായി കാണുന്നു. ആയതു വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

res